കേരള സർക്കാർ
ലൈഫ് മിഷൻ
സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

# ലൈഫ് – 2020

സ.ഉ.(കൈ) നം. 112/2020/ ത.സ്വ.ഭ.വ തീയതി 27/07/2020

## 2017 ലെ ലൈഫ് മിഷൻ ലിസ്റ്റിൽ നിന്നും വിട്ടുപോയ അർഹരായവരുടെ ഗുണഭോക്തൃ പട്ടിക തയാറാക്കൽ

## പ്രവർത്തന സഹായി

Website : www.life2020.kerala.gov.in

# ആവശ്യകത

- 2017 ലെ ലൈഫ് ലിസ്റ്റിൽ നിന്നും ഇതുവരെ 2.25 ലക്ഷം കുടുംബങ്ങൾക്കു വീട് നല്കി കഴിഞ്ഞു.
- ഈ വർഷം ഒരു ലക്ഷം കുടുംബങ്ങൾക്കു കൂടി മൂന്നാം ഘട്ടത്തിന്റെ ഭാഗമായി വീടു നല്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
- ലൈഫ് മിഷൻ 2017 ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയി ൽ ഉൾപ്പെടാൻ കഴിയാതെ പോയതും 2020 ജൂലൈ 1ന് മുൻപായി റേഷൻ കാർഡ് ലഭിച്ചിട്ടുള്ളതുമായ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിന്.

# അപേക്ഷ സമർപ്പിക്കൽ

- പൂർണമായും സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനത്തിലൂടെ മാത്രം
- Website : www.life2020.kerala.gov.in

- ഇന്റർനെറ്റ് സേവന ദാതാക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹെൽപ് ഡെസ്ക്കുകൾ എന്നിവ കൂടാതെ ഇന്റർനെറ്റ് ഉപയോഗിച്ച് സ്വന്തമായും അപേക്ഷ സമർപ്പിക്കാം.

- അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഓൺലൈനായി സമർപ്പി-ക്കാവുന്നതാണ്.

# അപേക്ഷകർ ആരെല്ലാം ?

- **ഭൂമിയുള്ള ഭവന രഹിതർ** – അപേക്ഷകന്റെ പേരിലോ റേഷന് കാർഡിലുള്ള കുടുംബാംഗങ്ങളുടെ പേരിലോ വീട്ട നിർമ്മിക്കാൻ അനുയോജ്യമായ ഭൂമി ഉണ്ടായിരിക്കണം

- **ഭൂരഹിത ഭവന രഹിതർ** – അപേക്ഷകന്റെ പേരിലോ റേഷന് കാർഡിലുള്ള കുടുംബാംഗങ്ങളുടെ പേരിലോ പാരമ്പര്യമായോ ഭൂമി ഉണ്ടാകരുത്. (റേഷന് കാർഡിലെ ഒന്നിലധികം അംഗങ്ങളുടെ പേരിൽ ഭൂമി ഉണ്ടാകുകയും ആകെ ഭൂമി 3 സെന്റിൽ കുറവാകുകയും ചെയ്താൽ ഭൂരഹിതരായി പരിഗണിക്കാം)

# അർഹതാ മാനദണ്ഡങ്ങൾ (7)

(എ) ഭൂമിയുള്ള ഭവനരഹിതർ

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. 2020 ജൂലൈ 1 ന് മുമ്പ് റേഷൻ കാർഡ് ഉള്ള കുടുംബം. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

# അർഹതാ മാനദണ്ഡങ്ങൾ (7)

- ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.
- ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

# അർഹതാ മാനദണ്ഡങ്ങൾ (7)

ബി) ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കണം.

- സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ.

# ക്ലേശഘടകങ്ങൾ (9)

(രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം )

1)മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ

2)അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3)40%-ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

4)ഭിന്നലിംഗക്കാർ

5)ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസ് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ

# ക്ലേശഘടകങ്ങൾ(9)

(രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം )

6)അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

7)രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

8)വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ

9)എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

# അപേക്ഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ പ്രത്യേക കുടുംബമായി കഴിയുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യ തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും ഈ വിഭാഗങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്കും നഗരസഭകളിൽ 5 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്കും അർഹത മാനദണ്ഡങ്ങളിലെ മറ്റ 5 മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അപേക്ഷ നല്കാവുന്നതാണ്.

# അപേക്ഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ......

**അപേക്ഷകർ താഴെപറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്**

a) റേഷൻ കാർഡ്

b) ആധാർ കാർഡ്

c)വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്

d) ഭൂരഹിത കുടുംബങ്ങൾ ഭൂമി ഇല്ല എന്നു കാണിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം

e)ക്ലേശഘടകങ്ങൾ തെളിയിക്കുന്ന സാക്ഷ്യപത്രം

f) ജാതി സർട്ടിഫിക്കറ്റ് (SC/ST യ്ക്കു മാത്രം)

# പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- 2017ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുകയും എന്നാൽ വിവിധ കാരണങ്ങളാൽ അർഹരാകാതിരുന്നവരുമായ കുടുംബങ്ങൾക്ക്  അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- PMAY /ആശ്രയ ലിസ്റ്റിൽ പേര്  ഉണ്ടായിരിക്കുകയും എന്നാൽ ടി ലിസ്റ്റിൽ നിന്നും  ആനുകൂല്യം ലഭിക്കാതിരുന്നവരും ഇപ്പോൾ പുതിയ അപേക്ഷ  നൽകേണ്ടതാണ് .

- ലൈഫ് മിഷന് ഇപ്പോൾ തയ്യാറാക്കി വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മൽസ്യതൊഴിലാളി ഗുണഭോക്ത്യ പട്ടികയിൽ അർഹതയുള്ളതായി കണ്ടെത്തിയിട്ടുള്ളവർ വീണ്ടും അപേക്ഷ നല്കേണ്ടതില്ല.

# പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ലൈഫ് 2,3 ഘട്ടങ്ങളിൽ eligible ആയിട്ടും ഇതുവരെ സഹായം കിട്ടാത്തവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അവർക്ക് നിലവിലുള്ള ലിസ്റ്റിന്റെ ഭാഗമായി തന്നെ സഹായം ലഭിക്കുന്നതാണ്.
- കോവിഡിന്റെ പശ്ചാത്തലത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ച മാത്രമേ അപേക്ഷ നൽകുവാനും സ്വീകരിക്കുവാനും പാടുള്ളു.
- അക്ഷയ സെന്റർ വഴിയാണ് അപ്ലിക്കേഷൻ സമർപ്പിക്കുന്നത് എങ്കിൽ 40 രൂപയാണ് ചാർജ് ആയി നൽകേണ്ടത്

# തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് കൂടുതൽ കേന്ദ്രങ്ങൾ ഉറപ്പാക്കണം
- തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും എല്ലാ വാർഡുകളിലും ഹെൽപ് ഡസ്കുകൾ ആരംഭിക്കാവുന്നതാണ് .
- കംപ്യൂട്ടർ സൌകര്യമുള്ള ക്ലബുകൾ/സ്ഥാപനങ്ങൾ/ഇന്റർനെറ്റ് സേവന കേന്ദ്രങ്ങൾ എന്നിവയിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്
- കംമ്പ്യൂട്ടർ, സ്കാനർ സൌകര്യമുള്ള വ്യക്തികളുടെ സേവനവും ഉപയോഗിക്കാം
- അപേക്ഷ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലോ സേവന കേന്ദ്രങ്ങളിലോ തിരക്ക് ഉണ്ടാകാതിരിക്കാൻ ഈ ക്രമീകരണങ്ങൾ സഹായിക്കും

# തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഇന്റർനെറ്റ് സേവന സൗകര്യങ്ങൾ കുറവുള്ളിടങ്ങളിൽ ഓരോ വാർഡിനും വ്യത്യസ്ത ദിവസങ്ങൾ നല്കി അപേക്ഷകരുടെ തിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കണം.
- **മുൻപ് സർക്കാരിലും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ലഭിച്ചിട്ടുള്ള അപേക്ഷകൾ വാർഡ് തലത്തിൽ തരംതിരിച്ച് അർഹർ എങ്കിൽ ഹെൽപ്പ് ഡസ്ക് / ജന പ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ ഈ അപേക്ഷകരെ കൊണ്ട് online അപേക്ഷ നല്കാൻ ശ്രദ്ധിക്കണം**
- 2017ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുകയും എന്നാൽ വിവിധ കാരണങ്ങളാൽ അർഹരാകാതിരുന്നവരുമായ ഗുണഭോക്താക്കൾ പുതുക്കിയ മാനദണ്ഡപ്രകാരം അർഹർ എങ്കിൽ പുതിയ അപേക്ഷ നല്കാൻ അറിയിപ്പ് നല്കണം.

# തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ലൈഫ് സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമല്ലാത്ത ഗുണഭോക്താക്കളെ വിവരം അറിയിക്കുകയും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് കൊടുക്കേണ്ടതുമാണ്.
- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി കഴിഞ്ഞാൽ പിന്നിട് പുതിയ അപേക്ഷ സമർപ്പിക്കാൻ കഴിയില്ല എന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യാപകമായ പ്രചാരണം നല്കുകയും അർഹരായ എല്ലാവരും അപേക്ഷ സമർപ്പിച്ചു എന്ന് ഉറപ്പ് വരുത്തുകയും വേണം.

# തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഓൺ ലൈൻ വഴി അല്ലാതെ യാതൊരു സാഹചര്യത്തിലും manual അപേക്ഷ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങാൻ പാടുള്ളതല്ല.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി കഴിഞ്ഞാൽ അപേക്ഷകരുടെ ലിസ്റ്റ് തദ്ദേശ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
- അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരെ അപേക്ഷകളുടെ എണ്ണത്തിനുസരിച്ച് ചുമതലപ്പെടുത്തേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഫീൽഡ് പരിശോധന നടത്തി ഓൺലൈനായി പരിശോധനാ റിപ്പോർട്ട് ചേർക്കേണ്ടതാണ്. (അപേക്ഷിക്കാനുള്ള അവസാന തീയതിക്കു മുമ്പു തന്നെ സൂക്ഷ്മ പരിശോധന ആരംഭിക്കാവുന്നതാണ്)
- അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടാൽ ബാധ്യത അതിന്റെ അന്വേഷണ ഉദ്യോഗസ്ഥന്റേത് ആയിരിക്കും .

# കരട് പട്ടിക പ്രസിദ്ധീകരിക്കൽ

- അർഹരുടേയും അനർഹരുടേയും കരട് പട്ടിക പ്രത്യേകം പ്രസിദ്ധീകരിക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും മറ്റ് പബ്ലിക്ക് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്.

# അപ്പീൽ

**ഒന്നാം അപ്പീൽ**

ഗ്രാമം– ബ്ളോക്ക് തലം –ബ്ളോക്ക് പഞ്ചാ. സെക്രട്ടറി (കൺവീനർ)
അംഗങ്ങൾ –ഹൌസിംഗ് എക്സ്. ഓഫീസർ
പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന ഓഫീസർ
ഫിഷറീസ് അസി.ഡയറക്ടർ

നഗരം– മുനിസിപ്പൽ സെക്രട്ടറി (കൺവീനർ)
അംഗങ്ങൾ – സി.ഡി.എസ്. ചെയർ പേഴ്സൺ
പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന ഓഫീസർ
ഫിഷറീസ് അസി.ഡയറക്ടർ

**രണ്ടാം അപ്പീൽ**

– ജില്ലാ കളക്ടർ

***അപ്പീലുകളുടെ ഭാഗമായി അനർഹർ ലിസ്റ്റില് ഉൾപ്പെട്ടാൽ അപ്പീ ൽ അധികാരികൾകാണ് ഉത്തരവാദിത്വം***

# അന്തിമ പട്ടിക

- അപ്പീലുകൾക്ക് ശേഷം കരട് പട്ടികയ്ക്ക് ഗ്രാമസഭാ അംഗീകാരം- അനർഹരെ ഒഴിവാക്കൽ

- ഭരണ സമിതി അംഗീകാരം

# ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി

- ചെയർമാൻ – ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്
- കൺവീനർ – ജില്ലാ കളക്ടർ
- ജോയിന്റ് കൺവീനർ – പ്രോജക്ട് ഡയറക്ടർ, PAU
- അംഗങ്ങൾ – പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

റീജണൽ ഡയറക്ടർ നഗര കാര്യം

ജില്ലാ കോ ഓർഡിനേറ്റർ ലൈഫ് മിഷൻ

ജില്ലാ പട്ടികജാതി വികസന ഓഫീസർ

ട്രൈബല് ഡവല. ഓഫീസർ

ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ

# പ്രവർത്തന കലണ്ടർ

- ജില്ലാതല യോഗം – ജൂലൈ 30
- ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കൽ – ആഗസ്റ്റ് 1–14
- അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിക്കൽ – ആഗസ്റ്റ് 17
- അപേക്ഷകലുടെ ഫീൽഡ് തല പരിശോധന– ആഗസ്റ്റ് – 21 വരെ
- കരട് പട്ടിക– ആഗസ്റ്റ് 22
- ഒന്നാം അപ്പീൽ സമർപ്പണം– ആഗസ്റ്റ് 22–27
- ഒന്നാം അപ്പീൽ തീർപ്പാക്കൽ – സെപ്റ്റംബർ 9 വരെ
- രണ്ടാം അപ്പീൽ സമർപ്പണം– സെപ്റ്റംബർ 11–19
- രണ്ടാം അപ്പീൽ തീർപ്പാക്കൽ –സെപ്റ്റംബർ 26വരെ
- ഗ്രാമസഭാ/വാർഡ് സഭാ അംഗീകാരം – സെപ്റ്റംബർ 26
- അന്തിമ അംഗീകാരവും ലിസ്റ്റ് പ്രസീദ്ധപ്പെടുത്തലും– സെപ്റ്റംബർ 30

കേരള സർക്കാർ

ലൈഫ് മിഷൻ

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

Please Visit : www.life2020.kerala.gov.in

# Thanks……